**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1860** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് ഗ്രൗണ്ടിൽ കളിക്കളം നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും ഉൾപ്പെടെ ഒരു കോടി രൂപയുടെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടുത്തിയിരിക്കുന്നത്; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് ടോയ്‌ലെറ്റ് കം ചെയ്ഞ്ച് റൂം നിർമ്മാണം, സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ്, ഗ്രൗണ്ട് വികസനം, മഡ് കോർട്ട് നിർമ്മാണം, കുഴൽക്കിണർ നിർമ്മാണം, ഫ്ലഡ് ലൈറ്റിംഗ്, അനുബന്ധ ജോലികൾ എന്നിവയാണ്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ? | (ബി) | എം.എൽ.എ ആസ്തിവികസനഫണ്ടിൽ നിന്നുള്ള ഭരണാനുമതി ലഭിക്കുന്നതിനായി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കായിക യുവജനകാര്യാലയത്തിൽ നിന്നും തൃശ്ശൂർ ജില്ലാ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല.<br><br>ഭരണാനുമതി ലഭിച്ച ശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും ദർഘാസ് നടപടികൾ സ്വീകരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ